**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **06-02-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാന ശല്യം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കരിമ്പ ഗ്രാമ പഞ്ചായത്തിലെ മൂന്നേക്കർ പ്രദേശത്ത് ജനവാസമേഖലയിൽ തുടർച്ചയായി ഉണ്ടാകുന്ന കാട്ടാന ശല്ല്യം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | മണ്ണാർക്കാട് ഡിവിഷനിൽ ഉൾപ്പെട്ട കോങ്ങാട് മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിലെ മൂന്നേക്കർ പ്രദേശത്ത് കാട്ടാനകൾ ഇറങ്ങിയാൽ ഉടൻ തന്നെ പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫും, ദ്രുതകർമ്മ സേന അംഗങ്ങളും സ്ഥലത്തെത്തി ആനയെ തുരത്തി കാട്ടിലേയ്ക്കയക്കാറുണ്ട്. തുടർച്ചയായ ദിവസങ്ങളിൽകാട്ടാന ഇറങ്ങുകയാണെങ്കിൽ ടി സ്ഥലത്ത് ദ്രുത കർമ്മ സേന ക്യാമ്പ് ചെയ്ത് ആനയെ തുരത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ടി പ്രദേശത്ത് 5 കി.മീ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. ആയത്തോടൊപ്പം വന്യമൃഗങ്ങളെ നിരീക്ഷിക്കുന്നതിനും സൗരോർജ്ജവേലിയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | കാട്ടാന ശല്ല്യം മൂലം ഈ പ്രദേശത്ത് ഉണ്ടായ കൃഷിനാശം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ടി പ്രദേശത്ത് കാട്ടാന കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 2021-ൽ 4 അപേക്ഷകളും 2022-ൽ 2 അപേക്ഷകളും ലഭ്യമായിട്ടുണ്ട് അപേക്ഷകളിലെല്ലാം പരിശോധന പൂർത്തിയായിട്ടുണ്ട് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ